# യോഹന്നാന്റെ ജീവപഠനം

## ദൂത് നാൽപ്പത്തിയഞ്ച്

## വർദ്ധനവിനായി

## പ്രക്രിയാവിധേയമായ ജീവൻ

## (4)

ഈ ദൂത് കഴിഞ്ഞ ദൂതിന്റെ തുടർച്ചയാണ്

### D.അന്വേഷിക്കുന്നവർ കണ്ടെത്തി

കർത്താവിന്റെ പുനരുത്ഥാനം സംഭവിച്ചു കഴിഞ്ഞുവെങ്കിലും, അത് കണ്ടെത്തുവാൻ അവന്റെ ശിഷ്യന്മാരുടെ അന്വേഷണം ആവശ്യമായിരുന്നു. കർത്താവായ യേശുവിന്റെ പുനരുത്ഥാനം കണ്ടെത്തിയത് അവന്റെ സ്നേഹമുള്ള അന്വേഷകർ ആയിരുന്നു. കർത്താവിന്റെ പുനരുത്ഥാനം ഗ്രഹിക്കുന്ന വ്യക്തി ഏതു തരത്തിലുള്ളവൻ, അവന്റെ പുനരുത്ഥാനത്തിന്റെ ദർശനം വെളിപ്പെടുത്തിക്കൊടുക്കാവുന്ന വ്യക്തി ഏതു തരത്തിലുള്ളവൻ ആണെന്ന്, യോഹന്നാൻ ഇരുപതാം അദ്ധ്യായം കാണിക്കുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ വെളിപ്പാട് നമുക്ക് എങ്ങനെ ലഭിക്കും? ഈ പ്രപഞ്ചത്തിൽ നിറവേറിയ കർത്താവിന്റെ പുനരുത്ഥാനം എന്ന അത്ഭുതകരവും മാർമ്മികവുമായ ഒരു വസ്തുതയുണ്ട്. എന്നാൽ അത് നമുക്ക് എങ്ങനെ അറിയുവാൻ കഴിയും? എങ്ങനെ ഇത് നമുക്ക് വെളിപ്പെട്ടു കിട്ടും? ഈ ദർശനം നമുക്ക് എങ്ങനെ ലഭിക്കും? കർത്താവിനെ സ്നേഹിക്കുന്നതിനാലും അവനെ അന്വേഷിക്കുന്നതിനാലും മാത്രം. കർത്താവിന്റെ പുനരുത്ഥാനം എന്ന വസ്തുത നിറവേറിയിരിക്കുന്നു; എന്നാൽ ഇത് കണ്ടെത്തുകയും കാണുകയും വേണം. മഗ്ദലനക്കാരി മറിയ കല്ലറയ്ക്കലേക്ക് വരുന്നതിനു മുമ്പ് ജീവനിൽ പുനരുത്ഥാനം വാസ്തവത്തിൽ നിറവേറിയിരുന്നു. എന്നാൽ കർത്താവിനെ സ്നേഹിക്കുന്നതിനാലും അന്വേഷിക്കുന്നതിനാലും മറിയ അത് കണ്ടെത്തണമായിരുന്നു. ഇത് ഒരു തത്ത്വം സ്ഥാപിക്കുന്നു. ഇന്ന് ക്രിസ്തുവിന്റെ പുനരുത്ഥാനം സംഭവിച്ചുകഴിഞ്ഞ ഒരു വസ്തുതയാണ്; എങ്കിലും

അനേകംപേർ അത് കണ്ടിട്ടില്ല. അത് കണ്ടെത്തുന്ന അവസ്ഥയിലേക്ക് അവർ ഒരിക്കലും വന്നിട്ടില്ല. ക്രിസ്തുവിന്റെ പുനരുത്ഥാനം എന്ന വസ്തുത നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? കർത്താവ് പുനരുത്ഥാനം ചെയ്തു എന്ന വെളിപ്പാടോ ദർശനമോ നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? നിങ്ങൾക്ക് അവന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച അറിവും ഉപദേശവും കഥയും ഉണ്ടെന്ന് എനിക്ക് അറിയാം, എന്നാൽ അതിന്റെ വാസ്തവികത നിങ്ങൾ ആത്മാവിൽ കണ്ടെത്തിയിട്ടുണ്ടോ? നാം അത്തരം ഒരു കണ്ടെത്തൽ നടത്തണമെങ്കിൽ, ആദ്യം നാം കർത്താവിനെ സ്നേഹിക്കുകയും അവനെ അന്വേഷിക്കുകയും ചെയ്യണം.

നിങ്ങൾ ഒരു യോഗത്തിനു വരുമ്പോൾ നിങ്ങൾക്ക് ഒന്നും ശുശ്രൂഷിക്കുവാനോ സാക്ഷ്യപ്പെടുത്തുവാനോ ഇല്ലാതിരിക്കുന്നത് എന്തുകൊണ്ടാണ്? അതിനു കാരണം, നിങ്ങൾ കണ്ടെത്തിയിട്ടില്ലെന്നും നിങ്ങൾക്ക് വെളിപ്പാട് ഇല്ലെന്നും ആണ്. മറിയയെ നോക്കുക. ഈ കണ്ടെത്തൽ നടത്തിയതിനു ശേഷം അവൾ എന്തു ചെയ്തു? അവൾ പുതുതായ ഒരു കാര്യം പറയുവാൻ ശിഷ്യന്മാരുടെ അടുത്തേക്ക് ഓടി. നിങ്ങൾ പ്രഭാതത്തിൽ കർത്താവിനെ സന്ധിക്കുകയും അവനെക്കുറിച്ച് ഒരു പുതിയ കണ്ടെത്തൽ നടത്തുകയും ചെയ്യുമ്പോൾ, വൈകുന്നേരത്തെ യോഗത്തിലേക്ക് നിങ്ങൾ തീർച്ചയായും കടന്നുവരുകയും ഞങ്ങളോട് ചിലത് വികാരാവേശത്തോടെ പറയുകയും ചെയ്യും. ആത്മീയ കണ്ടെത്തൽ, ആത്മീയ വെളിപ്പാട്, ആത്മീയ ദർശനം, കർത്താവിനെ അന്വേഷിക്കുന്നതിനെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ അവനെ അന്വേഷിക്കുന്നില്ലെങ്കിൽ, കർത്താവിനെക്കുറിച്ച് എന്തെങ്കിലും പങ്കുവയ്ക്കുവാൻ നിങ്ങൾ ഏറെ പ്രയാസപ്പെടും.

മഗ്ദലനക്കാരി മറിയയ്ക്ക് അറിവ് ഇല്ലായിരുന്നു. അവൾ പൂർണ്ണമായും ജീവനിൽ ആയിരുന്നു, ഒട്ടുംതന്നെ അറിവിന്റെ വൃക്ഷത്തിൽ ആയിരുന്നില്ല. അവൾക്ക് ഒട്ടുംതന്നെ അറിവില്ലായിരുന്നു. മാനുഷിക ചിന്തയിൽ, കല്ലറയ്ക്കലേക്ക്, പ്രത്യേകിച്ച് അതിരാവിലെ, അവൾ വന്നത് വിഡ്ഢിത്തമായിരുന്നു. എന്നിരുന്നാലും, അവൾ ആയിരുന്നു കർത്താവിന്റെ പുനരുത്ഥാനം ആദ്യം കണ്ടെത്തിയത്.

സഹോദരിമാരേ, നിങ്ങൾ കർത്താവിനെ വളരെയധികം സ്നേഹിക്കുന്നവരും അവന്റെ പുനരുത്ഥാനം എന്ന വസ്തുത ആദ്യം കാണുന്നവരും ആയിരിക്കും; എന്നാലും, മറിയയെപ്പോലെ, അപ്പോഴും നിങ്ങൾക്ക് സഹോദരന്മാരുടെ സഹായം ആവശ്യമാണ്. മറിയ പെട്ടെന്നുതന്നെ രണ്ടു പ്രധാന സഹോദരന്മാരായ പത്രൊസിന്റെയും യോഹന്നാന്റെയും അടുക്കൽ ഓടിച്ചെന്ന് അവൾ കണ്ടെത്തിയത് അവരോടു പറഞ്ഞു. മറിയ ശിഷ്യന്മാരുടെ അടുക്കൽ ചെന്നപ്പോൾ,

രണ്ടുപേർ മാത്രം പ്രതികരിക്കുകയും കല്ലറയിലേക്ക് പോവുകയും ചെയ്തു എന്നത് ശ്രദ്ധേയമാണ്. എന്തുകൊണ്ട് മറ്റുള്ളവർ പോകാതിരുന്നു? ഒരു വശത്ത്, അവർ അന്വേഷിച്ചിരുന്നില്ല എന്നതും, മറുവശത്ത്, അവർ മടിയന്മാർ ആയിരുന്നു എന്നതുമായിരിക്കാം കാരണം. അവർ അവരുടെ കിടക്കയെ സ്നേഹിച്ചിരിക്കാം. മറിയ കണ്ടെത്തിയത് എന്തെന്ന് കാണുവാൻ യോഹന്നാനും പത്രൊസും മാത്രമേ കല്ലറയിലേക്ക് ഓടിയുള്ളൂ. യോഹന്നാൻ, പത്രൊസിനെക്കാൾ ചെറുപ്പമായിരുന്നിരിക്കാം എന്നതുകൊണ്ട്, പത്രോസിനെ പിന്നിലാക്കി ഓടി, കല്ലറയിൽ എത്തിച്ചേർന്നെങ്കിലും, ചില കാരണത്താൽ അകത്തു കയറിയില്ല. അധികം അനുഭവമുണ്ടായിരുന്ന പത്രൊസ് ആദ്യം കല്ലറയിൽ പ്രവേശിച്ചു. ചണവസ്ത്രങ്ങളും റൂമാലും മടക്കി അവ കല്ലറയിൽ ഒരു നല്ല ക്രമത്തിൽ വച്ചിരിക്കുന്നതും രണ്ടു സഹോദരന്മാർ കണ്ടപ്പോൾ, കർത്താവ് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടുണ്ടാവും എന്ന് അവർക്ക് വ്യക്തമായി "കർത്താവിനെ കല്ലറയിൽനിന്ന് എടുത്തുകൊണ്ടുപോയി; അവനെ എവിടെ വച്ചു എന്ന് ഞങ്ങൾ അറിയുന്നില്ല"(20:2) എന്ന് തങ്ങളോട് പറഞ്ഞ അവരുടെ മഠയിയായ സഹോദരിയെക്കാൾ അവർക്ക് വളരെയധികം വ്യക്തത ഉണ്ടായിരുന്നു. പത്രൊസ് ഇങ്ങനെ പറഞ്ഞിട്ടുണ്ടാകും,"ഞാൻ എന്റെ മഠയിയായ സഹോദരിയോട് സഹതപിക്കുന്നു. അവളെ കുറ്റപ്പെടുത്തുന്നതുമില്ല. എന്നാൽ കർത്താവിനെ എടുത്തുകൊണ്ടുപോയിട്ടില്ല എന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. പൊതിഞ്ഞിരുന്ന തുണികൾ നോക്കുക. അവൻ തീർച്ചയായും കല്ലറയിൽനിന്ന് പുറത്തേക്ക് നടന്നുപോയിട്ടുണ്ടാവും."

കർത്താവിനെ അന്വേഷിക്കുന്നത് എങ്ങനെ എന്നതിന്റെ ഒരു ചിത്രം ഇത് നമ്മെ കാണിക്കുന്നു. കല്ലറ ആദ്യം കണ്ടത് മറിയയും, കല്ലറയിൽ ആദ്യം പ്രവേശിച്ചത് പത്രൊസും ആയിരുന്നു. ഇവിടെ സഹോദരന്മാർ യഥാർത്ഥത്തിൽ സഹോദരന്മാർ തന്നെയാണ്, കാരണം അവർ മനസ്സിൽ വ്യക്തതയുള്ളവരും സഹോദരിമാരെക്കാൾ വസ്തുത വിശ്വസിക്കുവാൻ എളുപ്പം കഴിയുന്നവരും ആണ്. രണ്ടു സഹോദരന്മാർ ഒഴിഞ്ഞ കല്ലറയും ചണവസ്ത്രങ്ങളും റൂമാലും കാണുകയും, കർത്താവ് പുനരുത്ഥാനം ചെയ്തിരിക്കും എന്ന് അവർക്ക് വളരെ വ്യക്തമാവുകയും ചെയ്തു. അവർ വസ്തുത കാണുകയും ഗ്രഹിക്കുകയും വസ്തുനിഷ്ഠമായി അതിൽ വിശ്വസിക്കുകയും ചെയ്തുവെങ്കിലും, അവർക്ക് വ്യക്തിനിഷ്ഠമായ അനുഭവം ഉണ്ടായിരുന്നില്ല. വസ്തുനിഷ്ഠമായ വസ്തുതയിൽ സംതൃപ്തരായി അവർ കല്ലറ വിട്ടു. എന്നിരുന്നാലും, സഹോദരിയായ മറിയ, തങ്ങിനിന്നു, കാരണം അവൾ അപ്പോഴും കാത്തിരിക്കുകയും നോക്കുകയും പ്രതീക്ഷിക്കുകയും ആയിരുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ അനുഭവം നേടുവാൻ കഴി

ഞ്ഞത് അവളുടെ വിശേഷാലുള്ള അന്വേഷണം കൊണ്ടായിരുന്നു. കർത്താവ് അവനെത്തന്നെ അവൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് അവൾ വസ്തുത ഗ്രഹിക്കുക മാത്രമല്ല അനുഭവമാക്കുകയും ചെയ്തു. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ ആദ്യം അനുഭവമാക്കിയത് അവളായിരുന്നു.

ഇവിടെ കർത്താവുമായി ബന്ധപ്പെട്ട രണ്ടു വശം തുറന്നുകാട്ടുന്ന ഒരു ചിത്രം നാം കാണുന്നു-വസ്തുതയും അനുഭവവും. നിങ്ങൾ വസ്തുതയിൽ വിശ്വസിക്കുന്നുണ്ടാവും പക്ഷേ നിങ്ങൾക്ക് അനുഭവം ഉണ്ടായിരിക്കില്ല. പത്രൊസും യോഹന്നാനും വസ്തുത ഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്തുവെങ്കിലും അവർക്ക് കർത്താവിന്റെ പുനരുത്ഥാനത്തിന്റെ അനുഭവത്തിന്റെ കുറവുണ്ടായിരുന്നു. മറിയയ്ക്ക് വസ്തുതയും അനുഭവവും ഉണ്ടായിരുന്നു. ഉദാഹരണമായി, നിങ്ങൾക്ക് കർത്താവിന്റെ ക്രൂശ്മരണത്തെ സംബന്ധിച്ച വസ്തുത ഉണ്ടായിരിക്കും; എന്നാൽ ക്രൂശിനെ നിങ്ങൾ അനുഭവമാക്കിയിട്ടില്ലായിരിക്കാം. ഇതേ തത്ത്വത്തിൽ നിങ്ങൾക്ക് കർത്താവിന്റെ പുനരുത്ഥാനത്തിന്റെ വസ്തുത ഉണ്ടായിരിക്കാം; എന്നാൽ പുനരുത്ഥാനം ചെയ്ത കർത്താവിനെ നിങ്ങൾ അനുഭവമാക്കിയിട്ടില്ലായിരിക്കാം. നമുക്ക് വസ്തുതയും അനുഭവവും ആവശ്യമാണ്. മറിയ വസ്തുതയുടെ വെളിപ്പാട് ആദ്യം കണ്ടു, എങ്കിലും വസ്തുതകൊണ്ടു മാത്രം അവൾ തൃപ്തയായില്ല. അവൾ മുന്നോട്ടു പോകുകയും പുനരുത്ഥാനം ചെയ്ത കർത്താവിന്റെ അനുഭവം പ്രാപിക്കുകയും ചെയ്തു.

സാധാരണയായി, സഹോദരന്മാർ വളരെ വസ്തുനിഷ്ഠമായ ബോധമുള്ളവരും സഹോദരിമാർ വ്യക്തിനിഷ്ഠമായ ബോധമുള്ളവരുമാണ്. തിരുവെഴുത്തുകളിലെ തത്ത്വമനുസരിച്ച്, പുരുഷന്മാർ എല്ലായ്പ്പോഴും വസ്തുനിഷ്ഠമായ സത്യത്തെ പ്രതിനിധാനം ചെയ്യുന്നു; സ്ത്രീകൾ എല്ലായ്പ്പോഴും വ്യക്തിനിഷ്ഠമായ അനുഭവത്തെ പ്രതിനിധാനം ചെയ്യുന്നു. ദൃഷ്ടാന്തമായി, അബ്രഹാം വിശ്വാസത്തിന്റെ ഉപദേശത്തെ അല്ലെങ്കിൽ വിശ്വാസത്തിന്റെ സത്യത്തെ പ്രതിനിധാനം ചെയ്യുന്നു. എന്നാൽ സാറ അനുസരണത്തിന്റെ അനുഭവത്തെ പ്രതിനിധാനം ചെയ്യുന്നു. വിശ്വാസം സത്യവുമായി ബന്ധപ്പെട്ടതും വസ്തുനിഷ്ഠവുമാണ്; അനുസരണം അനുഭവവുമായി ബന്ധപ്പെട്ടതും വ്യക്തിനഷ്ഠവുമാണ്. ഇതുപോലെ, പത്രൊസും യോഹന്നാനും വസ്തുനിഷ്ഠമായി കർത്താവിന്റെ പുനരുത്ഥാനം എന്ന വസ്തുതയിൽ വിശ്വസിച്ചു, എന്നാൽ മറിയ വ്യക്തിനിഷ്ഠമായി അത് അനുഭവിച്ചു. കർത്താവിന്റെ പുനരുത്ഥാനം എന്ന വസ്തുത ഇന്ന് അനേക ക്രിസ്ത്യാനികളും കണ്ടിട്ടില്ല. കുറച്ചുപേർക്ക് തീർച്ചയായും കർത്താവിന്റെ പുനരുത്ഥാനത്തിന്റെ വെളിപ്പാടുള്ളപ്പോൾ, അവർക്ക് വെളിപ്പാട് മാത്രമേയുള്ളൂ, അനുഭവം ഇല്ല.

സഭാജീവിതത്തിൽ സഹോദരിമാരെക്കാൾ സഹോദരന്മാർ എല്ലായ്പ്പോഴും കൂടുതൽ വ്യക്തതയുള്ളവരാണ്. അവർ സത്യത്തിലും വസ്തുതയിലും വ്യക്തതയുള്ളവരാണ്; എന്നാൽ അവർ അനുഭവത്തെ സംബന്ധിച്ച് അധികം ശ്രദ്ധിക്കുന്നില്ല. ഒരുപക്ഷേ പത്രൊസ് യോഹന്നാനോട് പറഞ്ഞുകാണും, കർത്താവ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നതിനു സംശയമില്ല. നമുക്ക് ഇവിടെ നിന്ന് സമയം കളയേണ്ട. നമുക്ക് മടങ്ങിപ്പോകാം. രണ്ട് പ്രധാന സഹോദരന്മാർ മടങ്ങിപ്പോയെങ്കിലും, മറിയ, മഠയിയായ സഹോദരി, കരഞ്ഞുകൊണ്ടു അവിടെ നിന്നു. മറിയ ഇങ്ങനെ പറഞ്ഞിട്ടുണ്ടാകും: കർത്താവിനെ ആരാണ് എടുത്തുകൊണ്ട് പോയത്? അവൻ ഇപ്പോൾ എവിടെയാണ് എന്ന് അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ രണ്ടു സഹോദരന്മാർക്കും അവളെ സഹായിക്കുവാൻ കഴിഞ്ഞില്ല. സഭാ ജീവിതത്തിൽ പലപ്പോഴും സഹോദരന്മാർക്ക് സഹോദരിമാരെ സഹായിക്കുവാൻ കഴിയുകയില്ല. അവർ മഠയരാണെന്ന് ചിന്തിച്ച്, നാം അവർ ആയിരിക്കുന്നിടത്ത് അവരെ വിട്ടിട്ട്, വിശ്രമിക്കുവാൻ ഭവനത്തിലേക്ക് മടങ്ങിപ്പോവുന്നു. വസ്തുത കണ്ട് വിശ്വസിച്ചവർ എന്ന നിലയിൽ നാം, റോമർ 6-നെക്കുറിച്ച് വ്യക്തതയുള്ളവരാണ്. എന്തുകൊണ്ട് സഹോദരിമാർ കണ്ണുനീരോടെ പ്രാർത്ഥിക്കുകയും സമയം കളയുകയും ചെയ്യണം? ഇതാണ് ഓരോ സ്ഥലംസഭയിലെയും യഥാർത്ഥ അവസ്ഥ. എല്ലാ പ്രധാന സഹോദരന്മാരും വ്യക്തതയുള്ളവരും, എല്ലാ സഹോദരിമാരും വിലപിക്കുന്നവരും ആണ്. എന്നിരുന്നാലും, അവസാനം, മഠയരായി വിലപിക്കുന്നവർക്ക് ആണ് അനുഭവം ഉള്ളത്. അവർ സത്യത്തിനുവേണ്ടിയോ, വസ്തുതകൾക്കുവേണ്ടിയോ, വിശ്വാസത്തിനുവേണ്ടിപോലുമോ ശ്രദ്ധിക്കുന്നില്ല."പൊതിഞ്ഞിരിക്കുന്ന തുണിയെ ഞാൻ ശ്രദ്ധിക്കുന്നില്ല. ഞാൻ അവനെമാത്രം ശ്രദ്ധിക്കുന്നു. ഞാൻ അവനോടൊപ്പം ആയിരിക്കുവാനും അവനെ സ്പർശിക്കുവാനും ആഗ്രഹിക്കുന്നു," എന്ന് പ്രസ്താവിച്ചുകൊണ്ട് അവർ ജീവനുള്ള ഒരു യഥാർത്ഥ സ്പർശനം മാത്രം ശ്രദ്ധിക്കുന്നു. സഹോദരിമാർ പലപ്പോഴും ഇത്തരത്തിൽ പ്രാർത്ഥനായോഗത്തിൽ പ്രാർത്ഥിക്കാറുണ്ട്. കഴിഞ്ഞ നാൽപ്പതു വർഷത്തെ കാലയളവിൽ, ഇങ്ങനെയുള്ള ഭോഷത്തപരമായ വിലപിക്കുന്ന പ്രാർത്ഥനകൾ നിമിത്തം ഞാൻ വ്യസനിച്ചിട്ടുണ്ട്. എന്നാൽ, സഹോദരന്മാരായ നാം സഹോദരിമാരെ കുറ്റപ്പെടുത്തുകയോ നിന്ദിക്കുകയോ ചെയ്യാതിരിക്കുവാൻ പഠിക്കണം. അവർക്കാണ് കർത്താവിന്റെ പുനരുത്ഥാനത്തിന്റെ യഥാർത്ഥ അനുഭവം ആദ്യമായി ലഭിച്ചത് എന്നതുകൊണ്ട് നമുക്ക് മഠയരായ, വിലപിക്കുന്ന, അന്വേഷകരായ, സഹോദരിമാർ അനേകംപേർ ഉണ്ടെന്നുള്ള വസ്തുത നാം വിലമതിക്കണം.

ഒരുവേള കർത്താവായ യേശുതന്നെ തന്റെ ശിഷ്യന്മാരിൽ ആരെയും കാണുവാൻ താല്പര്യപ്പെട്ടില്ല. പുനരുത്ഥാനത്തിന്റെ ആദ്യഫലമായി തന്റെ പുതുമയിലും നവ്യതയിലും പിതാവിന് അവൻ

സമർപ്പിക്കപ്പെടണമായിരുന്നു. പിതാവല്ലാതെ മറ്റാരെയും ആദ്യമായി അവൻ കാണരുതായിരുന്നു. എന്നാൽ ഈ സഹോദരിയുടെ ഉത്സാഹവും അന്വേഷിക്കുന്ന ഹൃദയവും നിമിത്തം കർത്താവായ യേശുവിന് അവളെ ഒഴിവാക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ അവൻ അവൾക്കു പ്രത്യക്ഷനായി. അവനെ സ്പർശിക്കുവാൻ അവൾ അങ്ങേയറ്റം ശ്രമിച്ചപ്പോൾ, കർത്താവ് ഇപ്രകാരം പറഞ്ഞതായി കരുതാം,"പാടില്ല ഞാൻ നിനക്ക് കാണുവാൻ വേണ്ടി മാത്രം വന്നതാണ്, എന്നെ സ്പർശിക്കരുത്. പുനരുത്ഥാനത്തിലുള്ള എന്റെ പുതുമ പിതാവിന് വേണ്ടിയുള്ളതായിരിക്കണം. എന്റെ പുനരുത്ഥാനത്തിന്റെ പുതുമ എന്റെ പിതാവിന് സമർപ്പിച്ചതിനുശേഷം ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും. അതായിരിക്കും എന്റെ പുനരുത്ഥാനം ആസ്വദിക്കുവാനുള്ള നിന്റെ സമയം."സഹോദരന്മാരായ നാം സഹോദരിമാരുടെ പാഠം പഠിക്കണം. പല സന്ദർഭങ്ങളിലും, സഹോദരന്മാരായ നാം വസ്തുതകളെ വിശ്വാസത്തോടെ മുറുകെപ്പിടിക്കുന്നു. എന്നാൽ നമുക്ക് സഹോദരിമാർക്കുള്ളതുപോലുള്ള അനുഭവങ്ങൾ ഇല്ല.

കർത്താവിനെ സംബന്ധിച്ച് കുറച്ചുകൂടെ കാണുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമുക്ക് അവനുമായി കൂടുതൽ കൂട്ടായ്മ ഉണ്ടായിരിക്കണം. മറിയ കർത്താവിനെ കണ്ടത് ഏറ്റവും നല്ല പ്രഭാത ജാഗരണമായിരുന്നു. ആ പ്രഭാത സമയത്ത് അവൾ കർത്താവിനെ കണ്ടുമുട്ടുകയും കർത്താവ് അവളെ കണ്ടുമുട്ടുകയും ചെയ്തു. അവൾ കർത്താവിനോടു പ്രാർത്ഥിക്കുകയും കർത്താവ് അവളോടു സംസാരിക്കുകയും ചെയ്തു; അവൾ കർത്താവുമായി കൂട്ടായ്മ ആചരിക്കുകയും കർത്താവ് അവൾക്ക് തന്റെ വചനവും തന്റെ വെളിപ്പാടും നൽകുകയും ചെയ്തു. നാം കാണുവാനിരിക്കുന്നതുപോലെ, അപ്പോൾ മുതൽ ശിഷ്യന്മാർ അവന്റെ സഹോദരന്മാർ ആണെന്ന് കർത്താവ് അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തു. താൻ പിതാവിന്റെ അടുക്കൽ പോവുകയാണെന്നും, പിതാവ് അവന്റെ പിതാവും അവന്റെ ദൈവവും മാത്രമല്ല, അവരുടെ പിതാവും അവരുടെ ദൈവവും ആണെന്നും അവൻ അവളോടു പറഞ്ഞു. ഈ വെളിപ്പാട് മറിയ, സഹോദരന്മാരെ അറിയിച്ചു.

ആ പ്രഭാതത്തിൽ മറിയ, കല്ലറയും രണ്ടു ദൂതന്മാരെയും കർത്താവിനെയും കണ്ടു. ആദ്യം കർത്താവിനെ അവൾ തിരിച്ചറിഞ്ഞില്ല, എന്നാൽ ഒടുവിൽ കർത്താവ് അവളെ പേരുചൊല്ലി വിളിച്ചപ്പോൾ, അവൾ അവനെ തിരിച്ചറിഞ്ഞു. എപ്പോൾ കർത്താവ് മറിയയുടെ അടുക്കൽ വന്നു? കല്ലറ ശൂന്യമായിരുന്നതുകൊണ്ട് കർത്താവ് അവിടെ ഇല്ലായിരുന്നു. അവൻ അതുവരെ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യാതിരുന്നതുകൊണ്ട്, അവൻ അവിടെയും ഇല്ലായിരുന്നു. അതുകൊണ്ട്, കല്ലറ വിട്ടതിനു ശേഷം സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു മുമ്പ് കർത്താവ് എവിടെ ആയിരുന്നു? കർത്താവ് കല്ലറയുടെ അരി

കിൽ ഉണ്ടായിരുന്നു, എന്നാൽ അതിനുള്ളിൽ അല്ലായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അവൻ കല്ലറയുടെ അരികിൽ ഉണ്ടായിരുന്നു. പത്രൊസും യോഹന്നാനും മറിയയും ആദ്യം അവനെ കണ്ടില്ല. ഒടുവിൽ, കർത്താവ് തന്നെത്താൻ മറിയയ്ക്ക് വെളിപ്പെട്ടു, എന്നാൽ അവൻ അത് ചെയ്യുന്നതിനു മുമ്പും അവൻ അവിടെത്തന്നെ ഉണ്ടായിരുന്നു. കർത്താവ് മുഴുവൻ സമയവും അവിടെ ഉണ്ടായിരുന്നുവെങ്കിലും മറിയ അത് അറിഞ്ഞില്ല. അവനെ ആരെങ്കിലും കൊണ്ടുപോയിട്ടുണ്ടാകും എന്ന് മറിയ ചിന്തിച്ചു. പത്രൊസും യോഹന്നാനും അവിടെ ഉണ്ടായിരുന്നപ്പോഴും കർത്താവ് അവിടെ ഉണ്ടായിരുന്നു എന്നു ഞാൻ വിശ്വാസിക്കുന്നു. അവർ അവനെ തിരിച്ചറിഞ്ഞില്ല എന്നുമാത്രം. കർത്താവ് അവനെത്തന്നെ അവർക്ക് വെളിപ്പെടുത്തിയതുമില്ല. ഈ നിമിഷംതന്നെ കർത്താവ് ഇവിടെ ഉണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? എന്നാൽ നമുക്ക് അത് മനസ്സിലാകുന്നില്ല, അത് വെളിപ്പെടുത്തിയിട്ടുമില്ല.

ഈ അദ്ധ്യായത്തിൽ മൂന്നു തരത്തിലുള്ള ശിഷ്യന്മാർ ഉണ്ടെന്ന് വളരെ വ്യക്തമാണ്. ഒന്നാമത്തെ തരത്തിലുള്ളവരെ മറിയയും രണ്ടാമത്തെ തരത്തിലുള്ളവരെ പത്രൊസും യോഹന്നാനും മൂന്നാമത്തെ തരത്തിലുള്ളവരെ മടിയന്മാരും പ്രതിനിധാനം ചെയ്യുന്നു. മടിയന്മാരായ ശിഷ്യന്മാർക്ക് കർത്താവിന്റെ പുനരുത്ഥാനത്തിന്റെ വെളിപ്പാടും കണ്ടെത്തലും ഇല്ലായിരുന്നു. പത്രൊസിനും യോഹന്നാനും കണ്ടെത്തലും വെളിപ്പാടും ഉണ്ടായിരുന്നു, എന്നാൽ അനുഭവം ഇല്ലായിരുന്നു. മറിയയ്ക്ക് കണ്ടെത്തലും വെളിപ്പാടും അനുഭവവും ഉണ്ടായിരുന്നു. ഈ രേഖയിൽ കാണിച്ചിരിക്കുന്നത് ഇന്നത്തെ ക്രിസ്ത്യാനികളെ സംബന്ധിച്ചും ശരിയാണ്. ഈ രേഖ ക്രിസ്തുവിന്റെ പുനരുത്ഥാനം എന്ന നിറവേറിയ വസ്തുത വെളിപ്പെടുത്തുന്നു, എന്നാലും അവന്റെ പുനരുത്ഥാനത്തിന്റെ കണ്ടെത്തലിന് നമ്മുടെ അന്വേഷണം ആവശ്യമാണ്. അവന്റെ പുനരുത്ഥാനത്തിന്റെ അനുഭവത്തിന് കൂടുതൽ അന്വേഷണവും ആവശ്യമാണ്. അതായത്, വെളിപ്പാട് നമ്മുടെ അന്വേഷണത്തെ ആശ്രയിച്ചിരിക്കുന്നു; അനുഭവം നമ്മുടെ കൂടുതലായുള്ള അന്വേഷണത്തെ ആശ്രയിച്ചിരിക്കുന്നു. അവന്റെ പുനരുത്ഥാനം കണ്ടെത്തുവാൻ കഴിയുന്നതിനു മുമ്പ് ആദ്യം നാം കർത്താവിനെ അന്വേഷിക്കുകയും അവന്റെ പുനരുത്ഥാനം അനുഭവമാക്കുന്നതിനു മുമ്പ് കർത്താവിനെ കൂടുതലായി അന്വേഷിക്കുകയും വേണം.

## E. ദൈവം അയച്ച ദൂതന്മാർ സാക്ഷ്യപ്പെടുത്തി

ക്രിസ്തുവിന്റെ പുനരുത്ഥാനം അന്വേഷകരായവർ കണ്ടെത്തുക മാത്രമല്ല, ദൈവത്തിന്റെ അടുക്കൽനിന്ന് അയയ്ക്കപ്പെട്ട ദൂതന്മാർ സാക്ഷ്യപ്പെടുത്തുകയും ചെയ്തു(20:11-13). മറിയ കല്ലറയിലേക്കു നോക്കിയപ്പോൾ യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്ത് വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ, ഒരുത്തൻ തലയ്ക്കലും ഒരുത്തൻ

കാൽക്കലും, ഇരിക്കുന്നത് അവൾ കണ്ടു(20:12). പുനരുത്ഥാനമായ മഹത്വവാനായ കർത്താവ്, മരണത്തിന്റെ ഭീഷണിയിൽനിന്നും നടന്നുനീങ്ങുക എന്ന അത്ഭുതകരമായ ജോലി നടപ്പാക്കിയത് എങ്ങനെ എന്ന് നോക്കുകയും നിരീക്ഷിക്കുകയും ചെയ്തുകൊണ്ട് നിൽക്കുന്ന പ്രായശ്ചിത്തമൂടിമേലുള്ള കെരൂബുകളെപ്പോലെ ആയിരുന്നു ഈ രണ്ടു ദൂതന്മാരും. നിരീക്ഷിക്കുന്ന ഈ രണ്ടു ദൂതന്മാരും കർത്താവായ യേശു പുനരുത്ഥാനം ചെയ്തു എന്നതിന്റെ ശക്തമായ സാക്ഷികളായിത്തീർന്നു. ചണവസ്ത്രങ്ങളും റുമാലും മനുഷ്യന്റെ പക്ഷത്തുനിന്നുള്ള സാക്ഷ്യമായിരുന്നതുപോലെ ദൂതന്മാർ ദൈവത്തിന്റെ പക്ഷത്തുനിന്നുള്ള സാക്ഷ്യമായിരുന്നു. ഇതെല്ലാം കർത്താവിനെ അന്വേഷിച്ച ഒരു സഹോദരി മാത്രം കണ്ടു.

## F. അനേക“സഹോദരന്മാരെ”ഉളവാക്കുന്നു

20:17-ൽ കർത്താവായ യേശു മറിയയോട്,“എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്, എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോടു പറയുക എന്നു പറഞ്ഞു.”ഈ വാക്യത്തിൽ കർത്താവ് തന്റെ പിതാവിന്റെ അടുക്കലേക്കുള്ള ആരോഹണത്തെ സൂചിപ്പിക്കുന്നു. തന്റെ പുനരുത്ഥാനദിവസം, കർത്താവ് പിതാവിന്റെ അടുക്കൽ കയറിപ്പോയി. ഇത് തന്റെ ശിഷ്യന്മാരുടെ കൺമുമ്പിൽ നടന്ന അവന്റെ പരസ്യമായ ആരോഹണത്തിന്(പ്രവൃ.1:9-11) നാൽപ്പത് ദിവസം മുമ്പ്, 16:7-ൽ പോകും എന്ന് മുൻകൂട്ടി പറഞ്ഞതിന്റെ ആത്യന്തിക നിറവേറലായ, ഒരു രഹസ്യ ആരോഹണമായിരുന്നു. പുനരുത്ഥാനദിവസം അതിരാവിലെ പിതാവിനെ സംതൃപ്തനാക്കുവാൻ അവൻ ആരോഹണം ചെയ്യുകയും, വൈകുന്നേരം ശിഷ്യന്മാരുടെ അടുക്കലേക്ക് മടങ്ങിവരുകയും ചെയ്തു(20:19). മുൻകുറിയിൽ, ദൈവത്തിന് ആദ്യം കൊണ്ടുവരുന്ന കൊയ്ത്തിന്റെ ആദ്യഫലം എന്നപോലെ അവന്റെ പുനരുത്ഥാനത്തിന്റെ പുതുമ ആദ്യം പിതാവിന്റെ ആസ്വാദനത്തിനുവേണ്ടി ആയിരിക്കണം.

മറിയയുടെ അനുഭവത്തിൽ പിതാവായ ദൈവം അൽപം കഴിഞ്ഞ് അനുഭവിച്ചത് തൊട്ടുമുമ്പ് അവളും അനുഭവിച്ചു. താൻ സ്വർഗ്ഗത്തിലേക്ക് കയറി പിതാവിന്റെ അടുക്കൽ പോകുന്നതിനു മുമ്പുതന്നെ കർത്താവായ യേശു മറിയയ്ക്ക് തന്നെത്താൻ വെളിപ്പെടുത്തിക്കൊടുത്തു. പിതാവായ ദൈവം കാണുന്നതിനു മുമ്പേ പുനരുത്ഥാനം ചെയ്ത കർത്താവിനെ മറിയ കണ്ടു. ആ സമയം മറിയ കർത്താവിനെ സ്പർശിക്കുവാൻ ശ്രമിച്ചു, എന്നാൽ അവൻ അവളെ തടഞ്ഞു. അവനെ കണ്ടതുകൊണ്ടുതന്നെ അവൾ സംതൃപ്തയായി. നാം കണ്ട

തുപോലെ, കർത്താവ്, തന്നെ, അവൾ സ്പർശിക്കുന്നതിൽനിന്ന് അവളെ തടഞ്ഞതിനു കാരണം അവൻ പിതാവിന്റെ അടുക്കൽ അതുവരെയും ആരോഹണം ചെയ്തിരുന്നില്ല എന്നതായിരുന്നു. അവനെ ത്തന്നെ പിതാവിന് സമർപ്പിക്കേണ്ടതും ആദ്യമായി അവനുമായി ബന്ധപ്പെടേണ്ടതും ആവശ്യമായിരുന്നു. അതേദിവസം വൈകുന്നേരത്ത് ശിഷ്യന്മാരുടെ അടുക്കൽ വന്നപ്പോൾ, അവനെ സ്പർശിക്കുവാൻ അവൻ അവരോട് പറഞ്ഞു(ലൂക്കൊ.24:39). ഈ സംഭവങ്ങളിൽനിന്നും മറിയയായിരുന്നു പുനരുത്ഥാനം ചെയ്ത കർത്താവിനെ ആദ്യം കണ്ടത് എന്ന് നമുക്ക് ഗ്രഹിക്കുവാൻ കഴിയും.

കർത്താവായ യേശു മറിയയോട്,"എന്റെ സഹോദരന്മാരുടെ അടുക്കലേക്ക് ചെല്ലുക"എന്നും പറഞ്ഞു. ഇവിടെ യോഹന്നാന്റെ സുവിശേഷത്തിലുള്ള പ്രധാന കാര്യങ്ങളിൽ ഒന്നിലേക്ക്, അനേക ക്രിസ്ത്യാനികൾ വ്യക്തമായി കണ്ടിട്ടില്ലാത്ത ഒന്നിലേക്ക്, നാം വരുന്നു. പുനരുത്ഥാനത്തിനു മുമ്പ്, കർത്താവ് തന്റെ ശിഷ്യന്മാരെ "സഹോദരന്മാർ"എന്ന് ഒരിക്കലും വിളിച്ചില്ല. അതിനു മുമ്പ് അവൻ ഉപയോഗിച്ച ഏറ്റവും ഹൃദ്യമായ പദം,"സ്നേഹിതന്മാർ"എന്നതായിരുന്നു. 15:14-ലും 15-ലും അവൻ പറഞ്ഞു,"ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ. യജമാനൻ ചെയ്യുന്നത് ദാസൻ അറിയായ്കകൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോട് കേട്ടത് എല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്ന് പറഞ്ഞിരിക്കുന്നു."എന്നാൽ ഇപ്പോൾ തന്റെ പുനരുത്ഥാനത്തിനുശേഷം, അവന്റെ "സ്നേഹിതന്മാർ"അവന്റെ "സഹോദരന്മാർ"ആയി. അവന്റെ പുനരുത്ഥാനത്തിലൂടെ, 12:24-ൽ സൂചിപ്പിക്കുന്നതുപോലെ, ജീവൻപകരുന്ന തന്റെ മരണത്തിന്റെ ഫലമായി പുറത്തുവന്ന ദിവ്യജീവനാൽ, അവന്റെ ശിഷ്യന്മാർ വീണ്ടുംജനിച്ചു(1 പത്രൊ.1:3). അവന്റെ ശിഷ്യന്മാരെല്ലാം അവന്റെ പുനരുത്ഥാനത്തിൽ വീണ്ടുംജനിച്ചു. ക്രിസ്തുവിന്റെ പുനരുത്ഥാനം മുഖാന്തരം നാം വീണ്ടുംജനിച്ചു എന്ന് 1 പത്രൊസ് 1:3 പറയുന്നു. തന്റെ പുനരുത്ഥാനത്തിലൂടെ ആയിരുന്നു കർത്താവ് തന്നെത്തന്നെ ആത്മാവായി തന്റെ എല്ലാ ശിഷ്യന്മാരിലേക്കും പകർന്നുകൊടുത്തത്. അവന്റെ ജീവൻ സ്വീകരിച്ചതിനാൽ, അവർ എല്ലാവരും പുനർജനിക്കുകയും-വീണ്ടുംജനിക്കുകയും- അവന്റെ സഹോദരന്മാർ ആയിത്തീരുകയും ചെയ്തു. കർത്താവ് ക്രൂശിൽ ആയിരുന്നപ്പോൾ, അവന്റെ അമ്മയോട് അവന്റെ ശിഷ്യനായ യോഹന്നാനെ അവളുടെ മകനായി കൈക്കൊള്ളുവാൻ പറയുകയും അവന്റെ ശിഷ്യനോട് അവന്റെ അമ്മയായി അവളെ കൈക്കൊള്ളുവാൻ പറയുകയും ചെയ്തു(19:26-27). അവന്റെ പുനരുത്ഥാനദിവസം, ക്രൂശിൽ

വച്ച് കർത്താവ് പറഞ്ഞ വാക്ക് നിറവേറി. ആ സമയത്ത്, യോഹന്നാൻ കർത്താവിന് ഒരു സഹോദരനായി ത്തീർന്നു. അങ്ങനെ കർത്താവിന്റെ അമ്മ അവന്റെ അമ്മയായിത്തീ ർന്നു.

ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ, കർത്താവിന്റെ അതേ ജീവൻ അപ്പോൾ അവർക്ക് ഉണ്ടായിരുന്നതുകൊണ്ട്, ശിഷ്യന്മാർ കർത്താവിന്റെ സഹോദരന്മാർ ആയിത്തീർന്നു. തന്റെ പുനരുത്ഥാനത്തിൽ കർത്താവ് അവരെ വീണ്ടുംജനിപ്പിക്കുകയും, അങ്ങനെ അവർ ഇനിമേൽ ശിഷ്യന്മാരും സ്നേഹിതന്മാരും മാത്രമല്ല, അവന്റെ സഹോദരന്മാരും ആണ്. നിലത്ത് വീണ് മരിച്ച്, തന്റെ ശരീരമായ അപ്പം ഉളവാക്കുന്നതിനുവേണ്ടി അനേക മണികളെ ഉൽപാദിപ്പിക്കുന്നതിന് പുനരുത്ഥാനത്തിൽ വളർന്ന ഏക ഗോതമ്പുമണിയായിരുന്നു കർത്താവ്(1 കൊരി.10:11). അവന്റെ മരണത്തിനു മുമ്പ് അവൻ ഏക നിസ്തുലമായ ഗോതമ്പുമണിയായിരുന്നു. എന്നാൽ അവന്റെ പുനരുത്ഥാനത്തിനു ശേഷം ആ ഏക നിസ്തുലമായ മണി അനേകം മണികളായി. ഇതാണ് ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളിലൂടെയുള്ള ജീവന്റെ വർദ്ധനവ്.

തന്റെ പുനരുത്ഥാനത്തിൽ, ഏകജാതനായ പുത്രൻ"അനേക സഹോദരന്മാരിൽ ആദ്യജാതൻ"ആയിത്തീർന്നു(റോമ.8:29). തന്റെ ജീവൻപകരുന്ന മരണത്താൽ പുറത്തേക്ക് വിടുവിക്കപ്പെട്ട ദിവ്യജീവനാൽ അവന്റെ പുനരുത്ഥാനത്തിലൂടെ വീണ്ടുംജനിച്ചവരാണ്, അനേക സഹോദരന്മാർ. അവന്റെ പുനരുത്ഥാനത്തിലൂടെ പിതാവിന്റെ ദിവ്യജീവൻ നമ്മിലേക്ക് പകരപ്പെട്ടു. അങ്ങനെ നാം എല്ലാവരും ദൈവത്തിന്റെ പുത്രന്മാർ ആയിത്തീർന്നു. ഇപ്രകാരം ദൈവത്തിന്റെ നിസ്തുലനായ പുത്രൻ, "അനേക സഹോദരന്മാരിൽ ആദ്യജാതനായി." അതുകൊണ്ട്,"എന്റെ സ്നേഹിതന്മാരുടെ അടുക്കലേക്ക് പോകുക"എന്ന് കർത്താവ് മറിയയോടു പറഞ്ഞില്ല;''എന്റെ സഹോദരന്മാരുടെ അടുക്കലേക്ക് പോകുക"എന്ന് അവൻ പറഞ്ഞു.

അവന്റെ പുനരുത്ഥാനത്തിനു മുമ്പ്, പിതാവിന്റെ ഏകജാതനായ പുത്രൻ എന്ന നിലയിൽ, ക്രിസ്തു, പിതാവിന്റെ വ്യക്തിപരമായ ആവിഷ്കാരമായിരുന്നു. ഇപ്പോൾ, അവന്റെ മരണപുനരുത്ഥാനങ്ങളിലൂടെ, പിതാവിന്റെ വ്യക്തിപരമായ ആവിഷ്കാരം, പുത്രനിൽ, പിതാവായ ദൈവത്തിന്റെ സംഘാത ആവിഷ്കാരമായിത്തീർന്നു.

ക്രിസ്തുവിന്റെ അനേക സഹോദരന്മാർ, പിതാവിന്റെ"അനേക പുത്രന്മാർ"എന്ന നിലയിൽ പുത്രനിൽ പിതാവായ ദൈവത്തിന്റെ സംഘാത ആവിഷ്കാരമായ"സഭ"ആണ്(എബ്രാ.2:10-12). ഇതാണ് ദൈവത്തിന്റെ ആത്യന്തികമായ ഉദ്ദേശ്യം. അതുകൊണ്ട്, അനേക സഹോദരന്മാർ, പിതാവിന്റെ ജീവന്റെ പ്രചാരണവും, ദിവ്യജീവനിൽ പുത്രന്റെ വർദ്ധനവും ആണ്. അങ്ങനെ, കർത്താവിന്റെ പുനരുത്ഥാനത്തിൽ, ദൈവത്തിന്റെ നിത്യനിർണയം നിറവേറുന്നു.

എബ്രായർ 2:10-12 കുറെക്കൂടെ വിശദമായി നമുക്ക് പരിഗണിക്കാം. 10-ാം വാക്യം പറയുന്നു,"സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു." "സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ"പിതാവും, രക്ഷാനായകൻ പുത്രനും ആണ്. പിതാവ് അനേക പുത്രന്മാരെ തേജസ്സിലേക്ക് നടത്തിക്കൊണ്ടിരിക്കുന്നു.

"വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കും ഒരുവനല്ലോ പിതാവ്; അതു ഹേതുവായി അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,"എന്ന് 11-ാം വാക്യം പറയുന്നു. ഈ വാക്യത്തിൽ,"വിശുദ്ധീകരിക്കുന്നവൻ"വിശുദ്ധീകരിക്കുന്ന പുത്രനും, വിശുദ്ധീകരിക്കപ്പെടുന്നവർ വിശുദ്ധീകരിക്കപ്പെടുന്ന പുത്രന്മാരുമാണ്. "ഒരുവൻ"എന്നത് ഇവിടെ പിതാവിനെ സൂചിപ്പിക്കുന്നു. അങ്ങനെ,"വിശുദ്ധീകരിക്കുന്നവനായ"പുത്രനും,"വിശുദ്ധീകരിക്കപ്പെടുന്നവരായ"നാമും, എല്ലാം ഒരു പിതാവിന്റേത് ആണ്. അതുകൊണ്ട് "അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ അവൻ ലജ്ജിക്കുന്നില്ല."എപ്പോൾ അവൻ നമ്മെ ആദ്യം സഹോദരന്മാർ എന്നു വിളിച്ചു? യോഹന്നാൻ 20:17-ൽ എന്റെ സഹോദരന്മാരുടെ അടുക്കൽ പോവുക എന്ന് കർത്താവ് മറിയയോടു പറഞ്ഞപ്പോൾ, എന്തുകൊണ്ട് നമ്മെ സഹോദരന്മാർ എന്നു വിളിക്കാൻ അവൻ ലജ്ജിക്കാഞ്ഞത്? എന്തുകൊണ്ടെന്നാൽ അവന്റെ പിതാവിന്റെ ജീവൻ നമുക്ക് എല്ലാവർക്കും ലഭിച്ചു. അവന്റെ പുനരുത്ഥാനത്തിനു ശേഷം, അവന്റെ ശിഷ്യന്മാർക്കെല്ലാം പിതാവിന്റെ ജീവൻ ലഭിച്ചു. ഇപ്പോൾ, അവനും നാമും ഒരേ സ്രോതസ്സിൽനിന്നുള്ളവരും ഒരേ പ്രകൃതമുള്ള ഒരേ ജീവനുള്ളവരും ആയതുകൊണ്ടും അവൻ നമ്മെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല.

"ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും: സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും,"എന്ന് 12-ാം വാക്യം തുടർന്നു പറയുന്നു. ഇവിടെ നാം കാണുന്നത് പുത്രൻ പിതാവിന്റെ "നാമം" അവന്റെ സഹോദരന്മാരോട് പ്രസ്താവിക്കുന്നതാണ്. അതായത്, പിതാവിനെ ജീവന്റെ സ്രോതസ്സായും ജനിപ്പിക്കുന്ന ദൈവമായും അറിയിക്കുന്നതാണ്. പുത്രൻ സഭാമദ്ധ്യേ ഗീതങ്ങൾ പാടി പിതാവിനെ സ്തുതിക്കും എന്നും ഈ വാക്യം നമ്മോടു പറയുന്നു. ഇതിലൂടെ സഹോദരന്മാരാണ് സഭ എന്നു നാം കാണുന്നു. കർത്താവായ യേശു പിതാവിനെ പാടി സ്തുതിക്കുന്നു എന്നു പറയുന്ന മറ്റൊരു വാക്യം കണ്ടുപിടിക്കുന്നതിനായി ഞാൻ വളരെ സമയം ചെലവഴിച്ചു. അവസാനം, കണ്ടിപിടിക്കുവാൻ കഴിയാതെ വന്നപ്പോൾ, അവന്റെ

സഹോദരന്മാർ പിതാവിനെ സ്തുതിച്ചു പാടുമ്പോഴൊക്കെയും അവനും അവരുടെ ഗീതങ്ങളിൽ പാടുന്നു എന്നു ഞാൻ മനസ്സിലാക്കി. നാം പാടുമ്പോൾ, അവനും നമ്മുടെ പാട്ടിൽ പാടുന്നു.

## G. അവന്റെ പിതാവിനെയും ദൈവത്തെയും അവരുടേതാക്കുന്നു

20:17-ൽ കർത്താവായ യേശു മറിയയോട് പറഞ്ഞു,"എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു." അവന്റെ ജീവൻപകരുന്ന മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവ് തന്റെ ശിഷ്യന്മാരെ അവനോട് ഒന്നാക്കിത്തീർത്തു. അതുകൊണ്ട്, അവന്റെ പിതാവ് അവന്റെ ശിഷ്യന്മാരുടെയും പിതാവും, അവന്റെ ദൈവം അവരുടേയും ദൈവവും ആണ്. അവന്റെ പുനരുത്ഥാനത്തിലൂടെ പിതാവിന്റെ ജീവനും പിതാവിന്റെ ദിവ്യപ്രകൃതവും അവർക്ക് ലഭിച്ചു. അവരെ തന്റെ സഹോദരന്മാർ ആക്കുന്നതിലൂടെ, പിതാവിന്റെ ജീവനും ദൈവത്തിന്റെ ദിവ്യപ്രകൃതവും. അവരിലേക്ക് അവൻ പകർന്നുകൊടുത്തു. തന്റെ പിതാവിനെയും തന്റെ ദൈവത്തെയും അവരുടേതും ആക്കുന്നതു വഴി, പുനരുത്ഥാനത്തിൽ, തന്റെ പിതാവിലും ദൈവത്തിലും അവരും പങ്കുപറ്റുവാൻ തക്കവണ്ണം പിതാവിന്റെയും ദൈവത്തിന്റെയും മുമ്പാകെ അവന്റെ സ്ഥാനത്തേക്ക്-പുത്രന്റെ സ്ഥാനത്തേക്ക്- അവരെ കൊണ്ടുവന്നു. അങ്ങനെ, അവന്റെ സഹോദരന്മാർ അകമേ ജീവനിലും സ്വഭാവത്തിലും, പുറമേ സ്ഥാനത്തിലും അവനെപ്പോലെ ആയി. അകമേ നമുക്ക് യാഥാർത്ഥ്യവും, പുറമേ നമുക്ക് സ്ഥാനവും ഉണ്ട്. പിതാവ് കർത്താവിന്റെ പിതാവ് മാത്രമല്ല; അവൻ ശിഷ്യന്മാരുടെ പിതാവും ആണ്. മേലാൽ, എല്ലാ ശിഷ്യന്മാരും ദൈവത്തിന്റെ പുത്രന്മാരാണ്. നാം ആദ്യജാതനെപ്പോലെയാണ്, അവൻ നമ്മെപ്പോലെയും ആണ്. അവന്റെ പുനരുത്ഥാനത്തിലുള്ള സഭ ഇതാണ്. അവനെ സ്തുതിക്കുക!

എന്തുകൊണ്ട് പിതാവിന്റെയും ദൈവത്തിന്റെയും അടുക്കലേക്ക് കയറിപ്പോകുന്നു എന്ന് മറിയയോട് കർത്താവ് പറഞ്ഞു? ഒരു വശത്ത്, കർത്താവ് ദൈവപുത്രനാണ്; അതുകൊണ്ട് പുത്രന്റെ വ്യക്തിത്വത്തിൽ അവൻ പിതാവിനെ കാണുന്നു. മറുവശത്ത്, അവൻ അപ്പോഴും മനുഷ്യപുത്രനാണ്; അതുകൊണ്ട് മനുഷ്യന്റെ വ്യക്തിത്വത്തിൽ അവൻ ദൈവത്തെ കാണുന്നു. നാമും ഒരു വശത്ത് മനുഷ്യരും, മറുവശത്ത് ദൈവപുത്രന്മാരും ആണ്. നാം മനുഷ്യരായതുകൊണ്ട്, ദൈവം നമുക്ക് ദൈവമാണ്; ദൈവം നമുക്ക് പിതാവും ആണ്. നാം ദൈവപുത്രന്മാർ ആയതുകൊണ്ട്, ദൈവം നമുക്ക് പിതാവും ആണ്. ഈ നിമിഷം

തന്നെ, നാം മനുഷ്യരും ദൈവത്തിന്റെ പുത്രന്മാരും ആയതുകൊണ്ട്, നമുക്ക് ദൈവവും പിതാവും ഉണ്ട്. എല്ലാ ശിഷ്യന്മാരും, മനുഷ്യർ എന്ന നിലയിൽ, കർത്താവിന് സഹോദരന്മാരും പിതാവിന് പുത്രന്മാരും ആയിത്തീർന്നു, കാരണം കർത്താവിന്റെ അതേ ജീവനാണ് അവർ സ്വീകരിച്ചിരിക്കുന്നത്. കർത്താവിന്റെ സഹോദരന്മാർക്ക് മറിയ നൽകിയ വെളിപ്പാട് ഇതാണ്.